(സി) പ്രസ്തുത പ്രശ്നത്തിന് അടിയന്തര പരിഹാരം ഉണ്ടാക്കാൻ വിദഗ്ധർ ഉൾപ്പെടെയുള്ളവരുടെ അഭിപ്രായ രൂപീകരണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്താകെ പൊതു - സ്വകാര്യ മേഖലകളുടെ കീഴിൽ എത്ര ടവറുകൾ നിലവിലുണ്ടെന്നതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മൊബൈൽ ടവറുമായി ബന്ധപ്പെട്ട് പൊതു ജനങ്ങൾക്കുണ്ടാകുന്ന ആശങ്കകളും പരാതികളും പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ മെഡിക്കൽ ഓഫീസർ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ പ്രതിനിധി ഉൾപ്പെടെയുള്ളവരെ ഉൾപ്പെടുത്തി ജില്ലാ ടെലികോം കമ്മിറ്റിക്ക് സർക്കാർ രൂപം നല്കിയിട്ടുണ്ട്. റേഡിയേഷൻ മൂലമുണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനായി മൊബൈൽ ഫോൺ ടവറുകൾ സ്ഥാപിക്കേണ്ട സുരക്ഷിത അകലവും റേഡിയേഷന്റെ തോതും കേന്ദ്ര ടെലികോം വകുപ്പ് നിജപ്പെടുത്തിയിട്ടുണ്ട്. ഇവ പരിശോധിച്ച് ഉറപ്പുവരുത്തുവാൻ കൊച്ചി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഭാരത സർക്കാർ സ്ഥാപനമായ Telecom Enforcement Resource & Monitoring (TERM)-Kerala എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രവർത്തനക്ഷമമായ 15,000 ടവറുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഇവ കൂടാതെ കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്കിന്റെ ഭാഗമായി 1500-ഓളം ചെറിയ ടവറുകളും (GI Pole) സ്ഥാപിച്ചിട്ടുണ്ട്.

സർക്കാർ സേവനങ്ങളുടെ ഫീസ് വർദ്ധന

11 (3642) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർദ്ധിപ്പിച്ച വിവിധ സേവന ഫീസുകളുടെയും രജിസ്ട്രേഷൻ ഫീസുകളുടെയും വിശദവിവരങ്ങൾ നൽകുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ചാർജ്, വാട്ടർ ചാർജ്, ഭൂമി സംബന്ധിച്ച രജിസ്ട്രേഷൻ ഫീസുകൾ എന്നിവ എത്ര പ്രാവശ്യം വർദ്ധിപ്പിക്കുകയുണ്ടായി; വിശദ വിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3 പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. 2012 ജൂലൈ ഒന്നാം തീയതി മുതലും 2013 മെയ് ഒന്നാം തീയതി മുതലും 2014 ആഗസ്റ്റ് 16-ാം തീയതി മുതലും താരിഫ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്.

ജലവിഭവ വകുപ്പിന് കീഴിലെ വാട്ടർ അതോറിറ്റിയിൽ വാട്ടർ ചാർജ്ജ് വർദ്ധന സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം-I ആയി ചേർക്കുന്നു.* ഭൂജല വകുപ്പ് ജനങ്ങൾക്കു നൽകുന്ന സേവനങ്ങളുടെ വിവിധ ചാർജ്ജുകൾ വർദ്ധിപ്പിച്ചത് സംബന്ധിച്ച ഉത്തരവുകൾ അനുബന്ധം-II ആയി ചേർക്കുന്നു.* രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ വർദ്ധിപ്പിച്ച വിവിധ സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇതു സംബന്ധിച്ച ഉത്തരവുകൾ അനുബന്ധം-III ആയി ചേർക്കുന്നു.*

1865-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് പ്രകാരമുള്ള വിവിധ ഇനങ്ങളിന്മേലുള്ള പിഴ ഈടാക്കുന്നതിനുള്ള ഫീസ് 2013-ലെ ഫിനാൻസ് ബിൽ പ്രകാരം വർദ്ധിപ്പിക്കുകയും 2014-ലെ ഫിനാൻസ് ബിൽ പ്രകാരം ആയത് കുറച്ച് ഉത്തരവാകുകയും ചെയ്തു.

1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസിൽ 23-9-2014-ലെ ജി.ഒ.(പി) നമ്പർ 409/ 14/ ഫിൻ. നമ്പർ ഉത്തരവിലൂടെ 50% വർദ്ധിപ്പിച്ചു. നിലവിൽ 25 രൂപയായിരുന്നത് 38 രൂപയായി വർദ്ധിപ്പിച്ചു.

23-9-2014-ലെ ജി.ഒ.(പി) നമ്പർ 409/14/ഫിൻ. നമ്പർ ഉത്തരവിലൂടെ 2005-ലെ വിവരാവകാശ നിയമത്തിലെ 4(2) നിയമ പ്രകാരം ഫ്ലോപ്പി, സിഡി, മറ്റേതെങ്കിലും ഇലക്ട്രോണിക് രൂപത്തിൽ വിവരങ്ങൾ നൽകുന്നതിനുള്ള ഫീസ് 50% വർദ്ധിപ്പിച്ചു. നിലവിൽ 50 രൂപയായിരുന്നത് 75 രൂപയായി വർദ്ധിച്ചു.

ഫോം രജിസ്ട്രേഷന് രജിസ്ട്രേഷൻ ഫീസ് 15-ൽ നിന്നും 500 രൂപയാക്കിയും ഭേദഗതി വരുത്തുന്നതിന് 5-ൽ നിന്നും 200 രൂപയാക്കിയും തിരച്ചിലിന് 2 രൂപയിൽനിന്നും 50 രൂപയാക്കിയും പകർപ്പിന് 10 രൂപയിൽനിന്നും 100 രൂപയാക്കിയും 22657/Leg.A2/2011/Law ഉത്തരവ് പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചിട്ടി ഫീസുകൾ 18-12-2013-ലെ ജി.ഒ(പി) നമ്പർ 209/2013/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചുവെങ്കിലും ടി ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ വർദ്ധനവ് നിലവിൽ വന്നിട്ടില്ല.

29-3-2012-ലെ ജി.ഒ. (പി) 8/12/Law, 26-11-2013-ലെ G.O. (P) 7/ 2013/ Law നമ്പർ ഉത്തരവുകൾ പ്രകാരം 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവിധ സേവനങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിച്ചു.

27-4-2013-ലെ ജി.ഒ. (പി) നമ്പർ 88/2013/റ്റി.ഡി. നമ്പർ വിജ്ഞാപന പ്രകാരം രജിസ്ട്രേഷൻ ഫീസ് പട്ടിക പ്രകാരമുള്ള വിവിധ സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തിയിട്ടുള്ള നിരക്കുകൾ അനുബന്ധം I-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

2014-15 സാമ്പത്തിക വർഷം 8-10-2014-ലെ ജി.ഒ.(പി) നമ്പർ 172/ 2014/റ്റി.ഡി. നമ്പർ നോട്ടിഫിക്കേഷനിലൂടെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ദാനം, ഒഴുമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 1% എന്നതിന് വിധേയമായി പരമാവധി 25000 രൂപ എന്നത് ഒഴിവാക്കി വിലയുടെ 1% ആയി ഭേദഗതി വരുത്തി. അവശേഷിക്കുന്ന വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

ലാസ്റ്റ് ഗ്രേഡ് തസ്തികകൾ സൂപ്പർ ന്യൂമററിയായി ക്രിയേറ്റ് ചെയ്യുന്നതിനുള്ള നടപടി

12 (3643) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ലാസ്റ്റ് ഗ്രേഡ് തസ്തികകൾ സൂപ്പർ ന്യൂമററിയായി ക്രിയേറ്റ് ചെയ്ത്, നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിലെ ഉദ്യോഗാർത്ഥികൾക്ക് അവസരം നൽകുന്നതിനുള്ള തീരുമാനം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

പ്രസ്തുത വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പുതുതായി ആരംഭിച്ച കമ്മീഷനുകളും, കോർപ്പറേഷനുകളും

13 (3644) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം കമ്മിഷനുകളും സർക്കാർ ധനസഹായത്തോടുകൂടിയുള്ള സ്ഥാപനങ്ങളും കോർപ്പറേഷനുകളും പുതുതായി ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly